# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4545** **13.11.2019 ലെ മറുപടി**

### കോട്ടയ്ക്കൽ മണ്ഡലത്തിൽ സംരക്ഷണഭിത്തി നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : | കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കൊടക്കഴിക്കൽ, കാങ്കക്കടവ് പ്രദേശങ്ങളിൽ ഭാരതപ്പുഴയ്ക്ക് സംരക്ഷണഭിത്തി നിർമ്മിക്കണമെന്ന നിവേദനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കൊടങ്ങഴിക്കൽ, കാങ്കക്കടവ് പ്രദേശങ്ങളിൽ ഭാരതപ്പുഴയ്ക്ക് സംരക്ഷണഭിത്തി നിർമ്മിക്കണമെന്ന നിവേദന പ്രകാരം പ്രസ്തുത സ്ഥലം റിവർ മാനേജ്മെന്റ് ഫണ്ട് (ആർ.എം.എഫ്) ജില്ലാ വിദഗ്ദ സമിതി 30.10.2019 ന് സന്ദർശിക്കുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ കൊടങ്ങഴിക്കൽ കാങ്കക്കടവ് പ്രദേശത്ത് ഭാരതപ്പുഴയുടെ വലതുകര സംരക്ഷണഭിത്തി കെട്ടുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| (ബി) ഇത് സംബന്ധിച്ച് ജലവിഭവ വകുപ്പ് ചീഫ് എൻജിനീയർ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (ബി) പ്രസ്തുത നിവേദനം ലഭ്യമായതു പ്രകാരം കുറ്റിപ്പുറം ഇറിഗേഷൻ സെക്ഷൻ കാര്യാലയത്തിൽ പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മേൽ പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| (സി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടില്ല |

സെക്ഷൻ ഓഫീസർ